## പതിനാലാം കേരളനിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5170** 15.11.2019 ൽ മറുപടിയ്ക്ക്

## പാരിസ്ഥിതിക ആഘാതങ്ങൾ നിയന്ത്രിക്കുന്നതിന് പ്രാദേശിക ഭരണകൂടങ്ങളുടെ ഇടപെടൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.എൻ.എ ഖാദർ | | എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| (എ) | കേരളത്തിൽ പൊതുവെ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന കാലാവസ്ഥാ വ്യതിയാനം ലഘൂകരിക്കുന്നതിനും ഇതിനകം സംഭവിച്ച വ്യതിയാനങ്ങൾക്ക് അനുസൃതമായി പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനും ദുരന്തങ്ങളുടെ ആഘാതം തടയുന്നതിനും ജനങ്ങളുടെ പ്രശ്നങ്ങളിൽ നേരിട്ട് ഇടപെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കാര്യമായ പങ്ക് വഹിക്കാനുണ്ടെന്ന വസ്തുത കണക്കിലെടുത്ത് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശങ്ങൾ എന്തെങ്കിലും നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) യും (ബി) യും | ഉണ്ട്. 23.10.2018 ലെ സ.ഉ(സാധാ) നം.2710/2018/തസ്വഭവ പ്രകാരം പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി മാപ്പ് തയ്യാറാക്കുകയും ഇങ്ങനെയുള്ള ഓരോ പ്രദേശത്തിന്റെയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണക്കാക്കി തുടർ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനും തദ്ദേശസ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾ സമഗ്രമായി ആസൂത്രണം ചെയ്യുന്നതിനും സഹായകമാകുന്ന രീതിയിൽ സ്പെഷ്യൽ പ്ലാൻ (സ്ഥലപരാസൂത്രണം) തയ്യാറാക്കാൻ കഴിയുന്ന ഇടങ്ങളിൽ അതിന് മുൻകൈ എടുക്കേണ്ടതുമാണ് എന്ന നിർദ്ദേശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. 23.10.2018 ലെ സ.ഉ(സാധ) 2710/18/ ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിൽ 2019 - 20 വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെയും ദുരന്ത നിവാരണ കർമ്മ പദ്ധതി തയ്യാറാക്കുന്നതിനായി "ജൈവ വൈവിധ്യ മാനേജ് മെന്റ് , കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം" എന്ന മേഖലയ്ക്ക് ഒരു പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് ഉണ്ടായിരിക്കണം എന്നും ആ വർക്കിംഗ് ഗ്രൂപ്പ് അവിടുത്തെ ദുരന്തനിവാരണം, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ജൈവ വൈവിദ്ധ്യ മാനേജ് മെന്റ് എന്നീ വിഷയങ്ങളിൽ ചർച്ച ചെയ്ത് വിശകലനം നടത്തി കർമ്മ പദ്ധതി തയ്യാറാക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) | കേരളത്തിന്റെ സ്വാഭാവികമായ പ്രാദേശിക സവിശേഷതകൾ കണക്കിലെടുത്ത് പ്രകൃതിയെ സംരക്ഷിക്കുന്നതിനും പ്രകൃതിയുടെ സന്തുലനാവസ്ഥ നിലനിർത്തുന്നതിനും അതുവഴി പരിസ്ഥിതി ആഘാതങ്ങൾ നിയന്ത്രിക്കുന്നതിനും കാര്യമായ ഇടപെടൽ പ്രാദേശിക ഭരണകൂടങ്ങൾ നിർവഹിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ വേണ്ട അടിയന്തര ഇടപെടൽ ഉണ്ടാവുമോ, വിശദമാക്കുമോ? | | |

| | | | | |
|---|---|---|---|---|
| | | | | കാലാവസ്ഥ വ്യതിയാനം മൂലമുണ്ടാകുന്ന പ്രകൃതി ക്ഷോഭങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ ജനങ്ങളിൽ അവബോധവും പ്രതിരോധവും വളർത്തുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുന്നതിനുമായി ഓരോ വകുപ്പുകളും ചെയ്യേണ്ട കാര്യങ്ങൾ "കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി 25.5.2019 ന് കാലാവർഷ തുലാവർഷമുന്നൊരുക്ക ദുരന്തപ്രതികരണ മാർഗ്ഗരേഖ" 2019 പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രവും ദുരന്തനിവാരണ അതോറിറ്റിയും സമയാസമയങ്ങളിൽ ഉണ്ടാകുന്ന ദുരന്തങ്ങളെക്കുറിച്ച് മുന്നറിയിപ്പുകൾ പത്ര ദൃശ്യ മാദ്ധ്യമങ്ങളിലൂടെയും ഓരോ കളക്ടറേറ്റിലുമുള്ള ദുരന്ത നിവാരണ സെല്ലുമായി ബന്ധപ്പെട്ട് Early warning sign (EWS) അനുസരിച്ച് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ദുരന്തവുമായി ബന്ധപ്പെട്ട് കിടക്കുന്ന ജന വിഭാഗത്തിനും സന്നദ്ധ സംഘടനകൾക്കും ആവശ്യമായ നിർദ്ദേശങ്ങളും അവബോധവും ബോധവത്ക്കരണവും നൽകി വരുന്നുണ്ട്. കൂടാതെ മുന്നറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് ആളുകളെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാറുണ്ട് |

**സെക്ഷൻ ഓഫീസർ**